**മധുരമായ കുട്ടികളേ – സർവ്വർക്കും ബാബയുടെ പരിചയം എങ്ങനെയാണ് നൽകുക – രാത്രിയും പകലും ഈ ചിന്തനത്തിൽ തന്നെ കഴിയൂ, അച്ഛൻ കുട്ടികളെ പ്രത്യക്ഷപ്പെടുത്തുന്നു, കുട്ടികളും അച്ഛന്റെ പ്രത്യക്ഷത ചെയ്യുന്നു, ബുദ്ധി ഇതിൽ തന്നെ മുഴുകണം.**

**ചോദ്യം:–** ജ്ഞാനം അല്പം പോലും വ്യർത്ഥമാകരുത്, അതിനു വേണ്ടി ഏതൊരു കാര്യത്തിലാണ് ശ്രദ്ധ വയ്ക്കേണ്ടത്?

**ഉത്തരം:–** ജ്ഞാനം ധനം നൽകുന്നതിനു മുമ്പ് നോക്കണം ഇവർ നമ്മുടെ ബ്രാഹ്മണ കുലത്തിൽ ഉൾപ്പെട്ടവരാണോ. ആരാണോ ശിവബാബയുടെ അഥവാ ദേവതകളുടെ ഭക്തർ, പരിശ്രമം ചെയ്ത് അവർക്ക് ജ്ഞാനത്തിന്റെ ധനം നൽകണം. ഈ ജ്ഞാനം എല്ലാവരും മനസ്സിലാക്കുകയില്ല. ആരാണോ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകുന്നത് അവരാണ് ഇത് മനസ്സിലാക്കുക. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരു ബാബയാണ് എന്നത് പരിശ്രമം ചെയ്ത് നിങ്ങൾ സർവ്വർക്കും മനസ്സിലാക്കി കൊടുക്കണം, ആ ബാബയാണ് പറയുന്നത് നിങ്ങൾ അശരീരി ആയി മാറി എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ തോണി അക്കരെ എത്തും.

**ഗീതം:–** ഓം നമ: ശിവായ.....

**ഓം ശാന്തി.** ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് – രണ്ട് അച്ഛൻമാരും വന്നു കഴിഞ്ഞിരിക്കുന്നു. ചിലപ്പോൾ ശിവബാബയായിരിക്കും മനസ്സിലാക്കി തരുന്നത്, ചിലപ്പോൾ ബ്രഹ്മാബാബയായിരിക്കും മനസ്സിലാക്കി തരുന്നത്. അതിനാൽ ബാബ മനസ്സിലാക്കി തരുകയാണ് – ബാബയുടെ ഓർമ്മയിൽ ശാന്തിയിൽ ഇരിക്കുന്നു, ഇതിനെയാണ് സത്യമായ ശാന്തി എന്ന് പറയുന്നത്. ഇതാണ് പ്രത്യക്ഷ ഫലം നൽകാനുള്ള യഥാർത്ഥമായ ശാന്തി, മറ്റുള്ളതെല്ലാം അസത്യമാണ്. തന്റെ സ്വധർമ്മത്തെ കുറിച്ചും ഒന്നും അറിയില്ല. സ്വയത്തിന് തന്റെ പരംപിതാ പരമാത്മാവിനെ കുറിച്ച് ഒന്നും അറിയില്ല, പിന്നെ ശാന്തിയും ശക്തിയും എങ്ങനെയാണ് ആരാണ് കൊടുക്കുക? ശാന്തി നൽകുന്നത് ദാതാവായ ബാബയാണ്. അതിനാൽ ബാബ പറയുകയാണ് കുട്ടികളേ അശരീരി ആയി മാറി സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ അവിനാശിയാണ്. തന്റെ സ്വധർമ്മത്തിലിരിക്കണം വേറെയാരും ഇതുപോലെ ഇരിക്കുന്നില്ല. തീർച്ചയായും ആത്മാവ് തന്നെയാണ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നത്. പരംപിതാ പരമാത്മാവ് ഒന്നാണ്, ബാബയുടെ മഹിമ വളരെ ഉയർന്നതാണ്. ബാബ അച്ഛനാണ്, സർവ്വവ്യാപിയല്ല. ഈ ഒരു കാര്യത്തെ തെളിയിക്കുകയാണെങ്കിൽ നിങ്ങൾക്ക് വിജയമുണ്ടാകും. പിന്നെ ഗീതയുടെ ഭഗവാൻ തെളിയിക്കപ്പെടും. നിങ്ങൾക്ക് ധാരാളം പോയിന്റുകൾ ലഭിക്കുന്നുണ്ടാകും. സിഖുകാരും പറയാറുണ്ട് സദ്ഗുരു അകാല മൂർത്തിയാണ്. പറയുകയാണ്, ബാബ മുക്തിദാതാവാണ്, സർവ്വരുടേയും സദ്ഗതി ദാതാവാണ്. ദു:ഖത്തിൽ നിന്നും മോചിപ്പിക്കുകയാണ്. പതിത പാവനനും ഒരു ബാബയാണ്. ഇങ്ങനെയുള്ള പോയിന്റുകളെ എപ്പോഴും വിചാര സാഗര മഥനം ചെയ്യണം. ബാബയെ മറക്കുന്നതു കൊണ്ടാണ് സർവ്വർക്കും ദുർഗതി ഉണ്ടായത്. ഭഗവാൻ ഒന്നാണെങ്കിൽ പിന്നെ മറ്റാരേയും ഭഗവാനാണെന്ന് പറയാൻ കഴിയുകയില്ല. സൂക്ഷ്മവതനവാസികളേയും ഭഗവാനാണ് എന്നു പറയാൻ കഴിയുകയില്ല. ഉയർന്നതിലും ഉയർന്നത് ഒരു ഭഗവാനാണ്. ഇവിടെ മനുഷ്യ സൃഷ്ടിയാണ് ഉള്ളത് ഇതിൽ പുനർജന്മം നടക്കുകയാണ്. പരംപിതാ പരമാത്മാവ് പുനർജന്മത്തിലേക്ക് വരുന്നില്ല, പിന്നെ എങ്ങനെയാണ് പട്ടിയിലും പൂച്ചയിലുമെല്ലാം പരമാത്മാവാണ് എന്ന് പറയുന്നത്. മുഴുവൻ ദിവസവും ഇത് ബുദ്ധിയിൽ ഉണ്ടായിരിക്കണം – എങ്ങനെയാണ് ബാബയുടെ പരിചയം കൊടുക്കുക. ഇപ്പോൾ രാത്രിയും പകലും നിങ്ങൾ ഈ ചിന്തനത്തിൽ കഴിയണം അതായത് എങ്ങനെയാണ് എല്ലാവർക്കും വഴി പറഞ്ഞു കൊടുക്കുക? പതിതരെ പാവനമാക്കി മാറ്റുന്നത് ഒരാളാണ്. പിന്നെ ഗീതയുടെ ഭഗവാനേയും തെളിയിക്കാൻ സാധിക്കും. നിങ്ങൾ കുട്ടികൾക്കാണ് വിജയം ഉണ്ടാവുക, അവർ ഇപ്പോൾ തീർച്ചയായും പരിശ്രമം ചെയ്യും. മഹാരഥി, കുതിരസവാരിക്കാർ, കാലാൾപ്പടയും ഉണ്ടാകുമല്ലോ.

നിങ്ങൾ കുട്ടികൾക്ക് അറിയാം ഭാരതത്തിന് തന്നെയാണ് ബാബയിൽ നിന്നും സമ്പത്ത് ലഭിച്ചിട്ടുള്ളത്. ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്, വീണ്ടും ബാബ നൽകുകയാണ്. ബാബ ഭാരതത്തിലാണ് വരുന്നത്. മറ്റ് സർവ്വ ധർമ്മങ്ങളും ഇല്ലാതാവുകയും ചെയ്യും, വീണ്ടും സത്യയുഗം വരും. അയ്യോ, അയ്യോ എന്ന നിലവിളിക്കു ശേഷം ജയജയാരവം മുഴങ്ങും. മനുഷ്യൻ ദു:ഖത്തിന്റെ സമയത്ത് അയ്യോ രാമാ എന്ന് പറയാ

റുണ്ടല്ലോ. പറയുകയാണ് – രാമ നാമം ദാനമായി കൊടുക്കൂ. ഇതിനെ കുറിച്ച് ശ്ലോകം ഉണ്ടാക്കിയിട്ടുണ്ട്. സിഖ് ധർമ്മത്തിലുള്ളവർക്കും വളരെയധികം പേരുണ്ട്. അവരും അകാലസിംഹാസനം എന്നാണ് പറയാറുള്ളത്. നിങ്ങൾ കുട്ടികളുടെ സിംഹാസനം ഏതാണ്? നിങ്ങൾ എല്ലാ ആത്മാക്കളും അകാലമൂർത്തികളാണ്. നിങ്ങളെ ഒരു കാലനും വിഴുങ്ങാൻ സാധിക്കുകയില്ല. ഈ ശരീരവും ഇല്ലാതാകും. അവർ മനസ്സിലാക്കിയിരിക്കുന്നത് അകാലസിംഹാസനം അമൃത്സറിലാണ് എന്നാണ് പക്ഷെ അകാലസിംഹാസനം എന്നത് മഹതത്ത്വമാണ്. നമ്മൾ ആത്മാക്കളും അവിടെ വസിച്ചിരുന്നവരാണ്. പാടാറുണ്ട് – ബാബാ അങ്ങ് തന്റെ സിംഹാസനം ഉപേക്ഷിച്ച് വരൂ. പരംധാമം സർവ്വരുടേയും ശാന്തിയുടെ സിംഹാസനമാണ്. രാജ്യസിംഹാസനം സർവ്വർക്കും ഉള്ളതാണെന്ന് പറയില്ല. ബാബയുടെ സിംഹാസനം നമ്മുടേതാണ്. അവിടെ നിന്നും നമ്മൾ പാർട്ട് അഭിനയിക്കാനാണ് വന്നിരിക്കുന്നത്, ബാക്കി ആകാശം ഉപേക്ഷിക്കേണ്ട കാര്യമൊന്നുമില്ല. ബാബയുടെ പരിചയം എല്ലാവർക്കും എങ്ങനെ കൊടുക്കാം എന്നതിൽ നിങ്ങളുടെ ബുദ്ധി മുഴുകിയിരിക്കണം. അച്ഛൻ കുട്ടികളെ പ്രത്യക്ഷപ്പെടുത്തുകയാണ് അതുപോലെ കുട്ടികളും അച്ഛനെ പ്രത്യക്ഷപ്പെടുത്തണം. നമ്മുടെ ബാബ ആരാണ്, ബാബയുടെ സമ്പത്ത് എന്താണ്, ഞാൻ അതിന്റെ അധികാരിയാകും. ഇത് ബുദ്ധിയിലുണ്ട്. ബാബയുടെ പരിചയമാണ് മുഖ്യമായ കാര്യം. മുഴുവൻ ബഹളവും ഈ കാര്യത്തിന്റെ പേരിലാണ്. ഇത് നാടകമാണ്. തെറ്റ് ചെയ്യിപ്പിക്കുന്നത് രാവണനാണ്. സത്യയുഗത്തിൽ നിങ്ങൾ ദേഹി അഭിമാനികളായിരുന്നു. നമ്മൾ ആത്മാക്കളാണ്. ബാക്കി ഞങ്ങൾക്ക് പരംപിതാ പരമാത്മാവിനെ അറിയാം എന്നൊന്നും പറയാറില്ല. ഇല്ല, അവിടെ സുഖം മാത്രം സുഖമാണ് ഉണ്ടാവുക. ദുഃഖം വരുമ്പോൾ എല്ലാവരും ഓർമ്മിക്കാറുണ്ട്. ഭക്തി മാർഗ്ഗം പൂർത്തിയായി, ജ്ഞാന മാർഗ്ഗം ആരംഭിക്കുകയും ചെയ്യും, സമ്പത്തും ലഭിക്കും, പിന്നെ ഭഗവാനെ എന്തിനാണ് ഓർമ്മിക്കുന്നത്. കല്പകല്പം സമ്പത്ത് ലഭിക്കും. ഈ ഡ്രാമ ഇങ്ങനെ ഉണ്ടാക്കപ്പെട്ടതാണ്. ബാബയെ ആരും അറിയുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ബാബ തിരിച്ചറിവ് നൽകി. രാത്രിയും പകലും ഈ കാര്യം ബുദ്ധിയിൽ നടന്നു കൊണ്ടിരിക്കണം. ഇത് ബുദ്ധിക്കുള്ള ഭോജനമാണ്. എങ്ങനെയാണ് സർവ്വർക്കും ബാബയുടെ പരിചയം കൊടുക്കുക. ബാബയുടെ ഒരേ ഒരു അവതരണമാണ് പാടപ്പെട്ടിരിക്കുന്നത്. മനസ്സിലാക്കുന്നുണ്ട്, കലിയുഗത്തിന്റെ അവസാനവും സത്യയുഗത്തിന്റെ ആരംഭത്തിനും ഇടയിലുള്ള സംഗമമാണ്, ഈ സമയത്താണ് പതിതരെ പാവനമാക്കുന്നത്. മുഖ്യമായത് ഗീതയാണ്. ഗീതയിലൂടെയാണ് വജ്ര സമാനമാക്കി മാറ്റുന്നത്. ബാക്കി എല്ലാ ശാസ്ത്രങ്ങളും ഗീതയുടെ പേരക്കുട്ടികളാണ്, അതിലൂടെയൊന്നും സമ്പത്ത് ലഭിക്കുകയില്ല. സർവ്വശാസ്ത്രമയി ശിരോമണി ഗീതയാണ്. ശ്രീമതം വളരെ പ്രശസ്തമാണ്. ശ്രീ അർത്ഥം ഉയർന്നതിലും ഉയർന്നത് എന്നതാണ്. ശ്രീ ശ്രീ 108 രുദ്രമാലയുണ്ട്. അത് ശിവബാബയുടെ മാലയാണ്. നിങ്ങൾക്കറിയാം സർവ്വ ആത്മാക്കളുടേയും ബാബയാണ്. ബാബാ ബാബാ എന്ന് പറയുന്നുണ്ടല്ലോ. ബാബയുടെ രചന രചിക്കപ്പെട്ടിരിക്കുകയാണ്, ഇത് ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ബാബ പറയുകയാണ് നിങ്ങൾക്ക് കൂടുതൽ ബുദ്ധിമുട്ടൊന്നും ഞങ്ങൾ നൽകുന്നില്ല. കേവലം ബാബയെ മറന്നതിലൂടെയാണ് താഴേക്ക് വീണത്, ആ ബാബയെ അറിയണം. ഇപ്പോൾ നിങ്ങൾ ഘോരമായ ഇരുട്ടിൽ നിന്നും ഘോരമായ പ്രകാശത്തിലേക്ക് വന്നിരിക്കുന്നു. നിങ്ങൾക്ക് ജ്ഞാനത്തിന്റെ നൃത്തം ചെയ്യണം. മീരയുടേത് ഭക്തിയുടെ നൃത്തമായിരുന്നു, അതിൽ അർത്ഥമൊന്നും ഇല്ല. വ്യാസ ഭഗവാൻ എന്നാണ് പറയാറുള്ളത്, ഇപ്പോൾ നിങ്ങൾക്കറിയാം വ്യാസൻ ഒരേ ഒരു ബാബയാണ്, ബാബ തന്നെയാണ് ഗീത കേൾപ്പിക്കുന്നത്. ബാബ ഒന്നാണ്, ആ അച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത് – ഈ കാര്യത്തെ തെളിയിച്ച് പറഞ്ഞുകൊടുക്കാൻ നിങ്ങൾക്ക് കഴിയും. ഇല്ലെങ്കിൽ ഭാരതത്തിന് സ്വർഗ്ഗത്തിന്റെ സമ്പത്ത് ആരാണ് കൊടുക്കുക? സ്വർഗ്ഗത്തിന്റെ സ്ഥാപന ബാബയ്ക്കല്ലാതെ വേറെയാർക്കും ചെയ്യാൻ സാധിക്കില്ല. സർവ്വരേയും മോചിപ്പിക്കുന്നതും ഒരു ബാബയുടെ ജോലിയാണ്. പോപ്പും പറഞ്ഞിരുന്നു– സർവ്വരുടേയും ഇടയിൽ ഏകത വേണം. പക്ഷെ അത് എങ്ങനെയാണ് ഉണ്ടാവുക? നമ്മൾ ഒരാളുടേതായി മാറിയല്ലോ, എങ്ങനെയാണ് സഹോദരനും സഹോദരിയുമായി മാറിയത്, ഇതും അറിയണം. ഏകത അർത്ഥം എല്ലാവരും അച്ഛൻ എന്നായിപ്പോകും, ഇതാണെങ്കിൽ എല്ലാവരും സഹോദരങ്ങളാണല്ലോ. അല്ലയോ ഗോഡ് ഫാദർ ദയ കാണിക്കൂ എന്ന് മുഴുവൻ ലോകവും പറയുന്നുണ്ട്. അതിനാൽ തീർച്ചയായും ദയാരാഹിത്യം കാണിക്കുന്നുണ്ട്. എന്നാൽ ആരാണ് ദയയില്ലാതെ പെരുമാറുന്നത് എന്നത് ആർക്കും അറിയില്ല. ദയ കാണിക്കുന്നത് ഒരു ബാബയാണ്. ദയയില്ലാത്തത് രാവണനാണ്, അതുകൊണ്ടാണല്ലോ രാവണന്റെ കോലത്തെ കത്തിക്കുന്നത്, പക്ഷെ രാവണൻ കത്തി നശിക്കുന്നുമില്ല. ശത്രു കത്തി നശിച്ചു കഴിഞ്ഞാൽ പിന്നെ വീണ്ടും വീണ്ടും കത്തിക്കുകയില്ലല്ലോ. ഈ കോലങ്ങൾ പോലെ എന്തെല്ലാമാണ് ഉണ്ടാക്കികൊണ്ടിരിക്കുന്നത് എന്നതും ആർക്കും അറിയില്ല. മുമ്പ് ഘോരമായ അന്ധകാരത്തിലായിരുന്നു, ഇപ്പോൾ അല്ല. അതിനാൽ ഇതെല്ലാം എങ്ങനെയാണ് മനുഷ്യർക്ക് മനസ്സിലാക്കി കൊടുക്കുക. ഭാരതത്തെ സുഖധാമമാക്കുന്നത് ഒരേ ഒരു ബാബയാണ്. ബാബയുടെ പരിചയം സർവ്വർക്കും കൊടുക്കണം. ഇതെല്ലാം മനസ്സിലാക്കി കൊടുക്കുന്നുണ്ടെങ്കിലും ആരും മനസ്സിലാക്കുന്നില്ല. ആർക്കാണോ ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകേണ്ടത് അവർ മനസ്സിലാക്കും. ബാബ പറയുകയാണ് ആരാണോ എന്റെ ഭക്തർ

അവർക്ക് പരിശ്രമം ചെയ്ത് മനസ്സിലാക്കി കൊടുക്കണം. ജ്ഞാന ധനത്തെ വ്യർത്ഥമാക്കി കളയരുത്. ദേവതകളുടെ ഭക്തരാണെങ്കിൽ തീർച്ചയായും അവരുടെ കുലത്തിലേതായിരിക്കും. ഉയർന്നതിലും ഉയർന്നത് ഒരു ബാബയാണ്, എല്ലാവരും ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത്. ഇത് ശിവബാബയാണ്. ബാബ യിൽ നിന്നും സമ്പത്തെടുക്കണം. ആരാണോ നല്ല കർമ്മമെല്ലാം ചെയ്ത് പോയിരിക്കുന്നത് അവർക്ക് പൂജ കൊടുക്കാറുണ്ട്. കലിയുഗത്തിൽ ആരിൽ നിന്നും നല്ല കർമ്മം ഉണ്ടാവുകയില്ല എന്തുകൊണ്ടെന്നാൽ ഇത് ആസുരീയ രാവണ മതമാണ്. സുഖം എവിടെയാണ് ഉള്ളത്? എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്ന ത്, പക്ഷെ ബാബയുടെ പരിചയം എപ്പോഴാണോ നൽകുന്നത് അപ്പോഴാണ് അത് ബുദ്ധിയിൽ ഇരിക്കുക. ബാബ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്. ബാബക്ക് അച്ഛനോ ടീച്ചറോ ഇല്ല. ആദ്യമാദ്യം മാതാപിതാവാ ണ്, പിന്നെ ടീച്ചർ, പിന്നെ സദ്ഗതി നൽകുന്ന ഗുരുവുമാണ്. ഇത് അത്ഭുതമാണ് – പരിധിയില്ലാത്ത ബാബ അച്ഛനാണ്, ടീച്ചറാണ്, സദ്ഗുരുവാണ്.

നിങ്ങൾക്കറിയാം ബാബ ഉയർന്നതിലും ഉയർന്നതാണ്. ബാബ തന്നെയാണ് ഭാരതത്തിന് സ്വർഗ്ഗത്തിന്റെ സമ്പത്ത് നൽകുന്നത് . നരകത്തിനു ശേഷമാണ് സ്വർഗ്ഗം. നരകത്തിന്റെ വിനാശത്തിനു വേണ്ടി വിനാശ ജ്വാല റെഡിയാണ്. ഹോളിയാഘോഷത്തിൽ കപടവേഷം കെട്ടാറുണ്ടല്ലോ, പിന്നെ ചോദിക്കാറുണ്ട് – സ്വാമിജി അവരുടെ വയറ്റിൽ നിന്നും എന്താണ് വരുക? തീർച്ചയായും കാണുന്നുണ്ട് യൂറോപ്പ് വാസിക ളായ യാദവരുടെ ബുദ്ധിയിൽ നിന്നും സയൻസിന്റെ എത്ര കണ്ടുപിടിത്തങ്ങളാണ് നടക്കുന്നത്. നിങ്ങൾക്ക് പരിശ്രമം ചെയ്ത് ഒരു കാര്യം മനസ്സിലാക്കി കൊടുക്കണം. സർവ്വരുടേയും സദ്ഗതി ദാതാവ് ഒരാളാണ്. ബാബ ഭാരതത്തിലാണ് വരുന്നത് – അപ്പോൾ ഇത് ഏറ്റവും ഉയർന്ന തീർത്ഥസ്ഥാനമായില്ലേ. പറയു ന്നുണ്ട് ഭാരതം പ്രാചീനമാണ്. പക്ഷെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് – എന്താണോ പ്രാചീനമായിരിക്കുന്നത് അത് വീണ്ടും ആയി തീരും. നിങ്ങൾ രാജയോഗം പഠിച്ചിരുന്നു, അതു തന്നെയാണ് വീണ്ടും അഭ്യസിക്കുന്നത്. ബുദ്ധിയിലുണ്ട് – ഈ ജ്ഞാനം ബാബ കല്പകല്പം നൽകും. ശിവനും അനേകം നാമങ്ങൾ നൽകിയിട്ടുണ്ട്. ബബുൾനാഥ് എന്ന പേരിൽ ക്ഷേത്രമുണ്ട്. മുള്ളു കളെ പൂക്കളാക്കിയിട്ടുണ്ട്, അതുകൊണ്ടാണ് ബബുൽനാഥ് എന്നു പറഞ്ഞത്. ഇങ്ങനെ ധാരാളം പേരുക ളുണ്ട്, അതിന്റെ അർത്ഥം നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിയും. അതിനാൽ ആദ്യമാദ്യം ബാബ യുടെ പരിചയം കൊടുക്കണം, അതാണ് സർവ്വരും മറന്നിരിക്കുന്നത്. ആദ്യം ബാബയെ മനസ്സിലാക്കണം എങ്കിലെ ബുദ്ധിയോഗം വെക്കാൻ കഴിയുകയുള്ളൂ. ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. മുക്തിധാ മത്തിൽ നിന്നും വീണ്ടും ജീവന്മുക്തിധാമത്തിലേക്ക് പോകണം. ഇവിടെ പതിതമായ ജീവൻബന്ധനമാണ്. ബാബ പറയുകയാണ് കുട്ടികളേ അശരീരി ആകണം. അശരീരി ആയി ബാബയെ ഓർമ്മിക്കണം, ഇതിലൂ ടെയാണ് തോണി അക്കരെ എത്തുന്നത്. സർവ്വ ആത്മാക്കളുടേയും അച്ഛൻ ഒന്നാണ്. ബാബയുടെ ആജ്ഞ യാണ് എന്നെ ഓർമ്മിക്കൂ എങ്കിൽ യോഗത്തിലൂടെ വികർമ്മം വിനാശമാകും. അന്തിമ ബുദ്ധി എങ്ങ നെയോ അതുപോലെ ഗതിയുണ്ടാകും. നമുക്ക് തിരിച്ച് പോകണം, എത്ര കഴിയുമോ വേഗം പോകണം. പക്ഷെ അത്ര പെട്ടെന്ന് പോകാനും കഴിയുകയില്ല. ഉയർന്ന പദവി നേടണമെങ്കിൽ ബാബയെ ഓർമ്മിക്ക ണം. നമ്മൾ ഒരു ബാബയുടെ കുട്ടികളാണ്. ഇപ്പോൾ ബാബ മൻമനാഭവ എന്ന് പറയുകയാണ്. കൃഷ്ണ നൊന്നുമല്ല പറയുന്നത്. കൃഷ്ണൻ എവിടെയാണ് ഉള്ളത്? ഇത് പരംപിതാ പരമാത്മാവാകുന്ന അച്ഛനാണ്, പ്രജാപിതാ ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യുകയാണ്, അതിനാൽ തീർച്ചയായും ഇവിടെ വേണമല്ലോ. ഇത് വ്യക്ത പതിത ലോകമാണ്. എന്നാൽ പാവനമായ ലോകമാണ് ഉണ്ടായിരുന്നത്. പതിത ലോകത്തിൽ ഒരു പാവനമായ ആത്മാവ് പോലും ഉണ്ടാവുകയില്ല. വൃക്ഷത്തിന്റെ ചിത്രത്തിൽ നോക്കൂ മുകളിലും ബ്രഹ്മാവ് നിൽക്കുന്നുണ്ട് പിന്നെ താഴെ തപസ്സ് ചെയ്യുന്നുണ്ട്, ഈ ബാബയുടെ രൂപം തന്നെയാണ് സൂക്ഷ്മ വത നത്തിൽ കാണുന്നത്. ബാബ തന്നെയാണ് ഫരിസ്തയായി മാറുന്നത്. ശ്രീകൃഷ്ണൻ ഇപ്പോൾ കറുത്തിരി ക്കുകയാണ്. ഏതു വരെ ആദ്യത്തെ കാര്യത്തെ അറിയുന്നില്ലയോ അതുവരെ ഒന്നും മനസ്സിലാവുകയില്ല. ഇതിലാണ് പരിശ്രമം ഉള്ളത്. മായ പെട്ടെന്ന് ബാബയുടെ ഓർമ്മ മറപ്പിക്കും. നിശ്ചയത്തോടെ എഴുതുന്നു മുണ്ട് തീർച്ചയായും ഞങ്ങൾ നാരായണന്റെ പദവി നേടും പിന്നെ മറക്കുകയും ചെയ്യുകയാണ്. മായ വളരെ ശക്തിശാലിയാണ്. മായയുടെ കൊടുങ്കാറ്റ് എത്ര തന്നെ വരികയാണെങ്കിലും ഇളകരുത്. ഇത് അവ സാനത്തെ അവസ്ഥയാണ്. മായ വളരെ ബലവാനായി യുദ്ധം ചെയ്യും. പേടിക്കുന്ന ആടായി മാറിയാൽ അത് പെട്ടെന്ന് തന്നെ വീഴ്ത്തും. ഭയക്കരുത്. വൈദ്യൻ പറയുമല്ലോ ആദ്യം എല്ലാ രോഗങ്ങളും പുറ ത്തേക്ക് വരും. മായയുടെ കൊടുങ്കാറ്റും വളരെ വരും. എപ്പോഴാണോ നിങ്ങൾ ഉറച്ചവരാകുന്നത് അപ്പോൾ മായയുടെ ശക്തി കുറയും. മനസ്സിലാക്കും ഇനി ഇവർ ഇളകും എന്ന് തോന്നുന്നില്ല. ബാബ വന്ന് കല്ലുബു ദ്ധികളെ പവിഴബുദ്ധികളാക്കുകയാണ്. ഇത് വളരെ രമണീകമായ കാര്യങ്ങളാണ്. ഭാരതത്തിന്റെ പ്രാചീന രാജയോഗം എന്നാണ് പാടപ്പെട്ടിരിക്കുന്നത്. ഇത് നിങ്ങൾക്കറിയാം. ശരി–

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) അശരീരി ആയി ബാബയെ ഓർമ്മിക്കണം. സ്വധർമ്മത്തിൽ സ്ഥിതി ചെയ്യുന്നതിനുള്ള അഭ്യാസം ചെയ്യണം. ജ്ഞാനത്തിന്റെ നൃത്തം ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം.

2) മായയുടെ കൊടുങ്കാറ്റുകളിൽ ഇളകരുത്. ഭയക്കരുത്. ഉറച്ചവരായി മാറി മായ പ്രവേശിക്കുന്നത് ഇല്ലാതാക്കണം.

## വരദാനം:- ബാബയ്ക്ക് തന്റെ സർവ്വ ഉത്തരവാദിത്വങ്ങളും നൽകി സേവനത്തിന്റെ കളി കളിക്കുന്ന മാസ്റ്റർ സർവ്വശക്തിമാനായി ഭവിക്കൂ

ഏതൊരു കാര്യം ചെയ്തും സദാ സ്മൃതി ഉണ്ടായിരിക്കണം സർവ്വശക്തിമാനായ ബാബ എന്റെ കൂട്ടുകാരാണ്, ഞാൻ മാസ്റ്റർ സർവ്വശക്തിമാനാണ് അപ്പോൾ യാതൊരു ഭാരവും ഉണ്ടായിരിക്കില്ല. എപ്പോൾ എന്റെ ഉത്തരവാദിത്വമെന്ന് മനസ്സിലാക്കുന്നോ അപ്പോൾ ശിരസ്സ് ഭാരമുള്ളതാകുന്നു അതുകൊണ്ട് ബ്രാഹ്മണ ജീവിതത്തിൽ തന്റെ സർവ്വ ഉത്തരവാദിത്വങ്ങളും ബാബയ്ക്ക് നൽകൂ അപ്പോൾ സേവനം ഒരു കളിയായി അനുഭവപ്പെടും. എത്രതന്നെ ചിന്തിക്കേണ്ട കാര്യമാകട്ടെ, ശ്രദ്ധ നൽകേണ്ട കാര്യമാകട്ടെ എന്നാൽ മാസ്റ്റർ സർവ്വശക്തിമാന്റെ വരദാനത്തിന്റെ സ്മൃതിയിലൂടെ അക്ഷീണരായിരിക്കും.

## സ്ലോഗൻ:- മുരളീധരന്റെ മുരളിയിൽ ദേഹത്തിന്റെ ബോധത്തെ മറന്ന്, സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടുന്നവർ തന്നെയാണ് സത്യമായ ഗോപ ഗോപികമാർ.